ഉത്തരം

(എ)&(ബി) ജോസ്ഗിരി പ്രദേശത്തെ കുടിയൊഴിപ്പിക്കൽ സംബന്ധിച്ച് വിളിച്ച് കൂട്ടിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗത്തിൽ പ്രസ്തുത ഭൂമിയുടെ വിലയും ദേഹണ്ഡവിലയും റവന്യൂ അധികൃതരും, കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ ഉദ്യോഗസ്ഥരും കൂട്ടായി നിർണ്ണയിക്കണമെന്നും, തുടർന്ന് ഇപ്രകാരം നിശ്ചയിക്കുന്ന വിലയീടാക്കി പട്ടയം നൽകുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കേണ്ടതുണ്ടെന്നും തീരുമാനമെടുത്തിരുന്നു. മേൽ തീരുമാനപ്രകാരം ഭൂമിയുടെ വില കണക്കാക്കുകയുണ്ടായെങ്കിലും പ്രസ്തുത വില സ്വീകാര്യമാണെന്ന് കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ വ്യക്തമാക്കിയിട്ടില്ല. ഭൂമിയുടെ വില സംബന്ധിച്ച് തീരുമാനമെടുക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ മേൽ നടപടികൾ കൈക്കൊള്ളുന്നതാണ്.

73 (575) ആനവിറ്റി കേസ്സുകൾ

ശ്രീ. പി. രാജു :
ശ്രീ. പി. നാരായണൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ. പ്രകാശ് ബാബു : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൊത്തം എത്ര ആനവിറ്റി കേസുകൾ കെട്ടിക്കിടക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര ആനവിറ്റി കേസ്സുകൾ തീർപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇന്നു നൽകുന്ന ആനവിറ്റി നിരക്കു നിശ്ചയിച്ചതെന്നാണ്; ഈ നിരക്കു പുതുക്കി നിശ്ചയിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇനി 220 ആനവിറ്റി കേസ്സുകൾ തീർപ്പുകൽപ്പിക്കുവാൻ ബാക്കിയുണ്ട്.

(ബി) 346 ആനവിറ്റി കേസ്സുകൾ ഈ മന്ത്രിസഭ അധികാരത്തിൽ വന്നശേഷം തീർപ്പാക്കിയിട്ടുണ്ട്.

(സി) 1.1.1970-ൽ നിലവിലുണ്ടായിരുന്ന കരാർ പാട്ടത്തിന്റെ അടിസ്ഥാനത്തിലാണ് ആനവിറ്റിയുടെ നിരക്കു നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത നിരക്കു വർദ്ധിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ഡി) കെ.എൽ.ആർ.ആക്ട്, 1963 ഭേദഗതി ചെയ്യുന്നതിലൂടെ മാത്രമേ വർദ്ധനയ്ക്കുള്ള തീരുമാനം നടപ്പിലാക്കാൻ കഴിയുകയുള്ളൂ. ആക്ട് ഭേദഗതി നടപടികൾ ത്വരിതഗതിയിൽ പൂർത്തീകരിച്ചു വരുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly